**2. മഴയഴക്**

**മഴ വന്നപ്പോൾ പ്രകൃതിയിലുണ്ടായ മാറ്റങ്ങൾ നോക്കൂ:**

**'എണ്ണ കണ്ടൂ മാമലകൾ**
**പണക്കാരായ് പറമ്പുകൾ**
**മരുന്നുവെച്ചൂ മുറികൾ**
**കെട്ടീ, വെട്ടേറ്റ കാടുകൾ."**

**പി. കുഞ്ഞിരാമൻ നായർ**

**ഏറെനാളത്തെ കാത്തിരിപ്പിനു ശേഷം മഴ പെയ്തപ്പോൾ പ്രകൃതിക്കുണ്ടായ മാറ്റം പി. കുഞ്ഞിരാമൻനായർ വർണ്ണിച്ചിരിക്കുന്നത് വായിച്ചല്ലോ. ആദ്യമായി വേനൽമഴ പെയ്തപ്പോൾ നിങ്ങളുടെ വീടിനുചുറ്റും എന്തെല്ലാം മാറ്റങ്ങളുണ്ടായി? ആ മാറ്റങ്ങളെക്കുറിച്ച് ഒരു വർണ്ണന തയ്യാറാക്കൂ.**

ഉത്തരമാതൃക

മഴകൊണ്ടുവന്ന മാറ്റങ്ങൾ വർണിക്കുകയാണ് പി. കുഞ്ഞിരാമൻ നായർ. മാമലകൾ എണ്ണ കണ്ടു. മഴ കിട്ടാതെ, കുളിയില്ലാതെ കഴിഞ്ഞ മലകൾ എണ്ണതേച്ച് കുളിച്ചതുപോലെ കാണപ്പെട്ടു എന്നാണ് കവി വർണിക്കുന്നത്. ഉണങ്ങിവരണ്ടുകിടന്ന പറമ്പുകൾ മഴയെത്തിയപ്പോൾ പുതുനാമ്പുകൾകൊണ്ട്



## പി. കുഞ്ഞിരാമൻ നായർ

പ്രകൃതിയെ ജീവനുതുല്യം സ്നേഹിച്ച കവി. 1906ൽ കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട്ട് ജനിച്ചു. പിതാവ് പുറവങ്കര കുഞ്ഞമ്പുനായർ. മാതാവ് കുഞ്ഞമ്മയമ്മ. വളരെക്കാലം അധ്യാപകനായി ജോലി ചെയ്തു. സ്വാതന്ത്ര്യസമരപ്രവർത്തനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. കേരളപ്രകൃതിയിൽ വിരുന്നെത്തുന്ന പൂത്തിരുവാതിരയും വിഷുപ്പുലരിയും ഓണപ്രകൃതിയും കടലും മലകളുമെല്ലാമാണ് പി.യുടെ കവിതാരചനയ്ക്ക് പ്രചോദനമായത്.

**പ്രധാന കൃതികൾ:** കളിയച്ഛൻ, കാളിയമർദ്ദനം, താമരത്തോണി, രഥോത്സവം, പൂക്കളം, വയൽക്കരയിൽ, നരബലി, നീരാഞ്ജനം, പ്രകൃതിപൂജ, തൃക്കുമരത്തിൽ, ഭദ്രദീപം തുടങ്ങി 70 ഓളം കവിതാപുസ്തകങ്ങൾ. കവിയുടെ കാല്പാടുകൾ, എന്നെ തിരയുന്ന ഞാൻ, നിത്യകന്യകയെത്തേടി തുടങ്ങിയവ ഇദ്ദേഹത്തിന്റെ ആത്മകഥാപരമായ രചനകളാണ്.


കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, കൊച്ചി മഹാരാജാവിന്റെ 'സാഹിത്യനിപുണ' പദവി, ഭക്തകവി സ്ഥാനം, മദ്രാസ് ഗവൺമെന്റിന്റെ പുരസ്കാരം തുടങ്ങിയ ബഹുമതികൾ ലഭിച്ചിട്ടുണ്ട്. 1978ൽ നിര്യാതനായി.

സമൃദ്ധമായി. ഇതിനെയാണ് സമ്പന്നരായി എന്നതുകൊണ്ട് അർഥമാക്കുന്നത്. വെട്ടേറ്റ് കുറ്റികൾ മാത്രമായ മരങ്ങൾ മഴപെയ്തപ്പോൾ വീണ്ടും തളിർത്തു. ഇതാണ് വെട്ടേറ്റ കാടുകൾ മുറിവുകളിൽ മരുന്നുവെച്ചുകെട്ടി എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

**4. മിണ്ടിയും പറഞ്ഞും**

**കടുത്ത വേനലിനുശേഷം വന്ന മഴ കാടിനെ മനോഹരമാക്കി. മഴയും കാടും തമ്മിൽ എന്തെല്ലാം വർത്തമാനങ്ങൾ പറഞ്ഞിട്ടുണ്ടാകും? എഴുതി നോക്കൂ.**

**ഉത്തരമാതൃക**



**കാട്** : ഒത്തിരി നാളായി ഞാൻ മഴ കാത്തിരിക്കുന്നു.

**മഴ** : എനിക്ക് വരാൻ ആഗ്രഹമില്ലാഞ്ഞിട്ടല്ല. മഴമേഘങ്ങൾ എത്തിച്ചേരാൻ താമസിച്ചതുകൊണ്ടാ.

**കാട്** : നീ കണ്ടില്ലേ, എന്റെ അവസ്ഥ? മരങ്ങളെല്ലാം ഉണങ്ങിത്തുടങ്ങിയിരിക്കുന്നു. പുഴയും നീർച്ചാലുകളും വറ്റിവരണ്ടിരിക്കുന്നു. എല്ലാ ജീവജാലങ്ങളും ദാഹജലത്തിനായി പരക്കംപായുകയായിരുന്നു.

**മഴ** : ഏതായാലും ഞാൻ വന്നല്ലോ. ഇനി പേടിക്കാനില്ല.

**കാട്** : അതെ. നീ വന്നതോടെ ജീവജാലങ്ങളും ഞങ്ങളും ഉത്സാഹത്തിലായി.

**മഴ** : നിങ്ങളുടെ സന്തോഷം കണ്ടപ്പോൾ എന്റെ മനസ്സുനിറഞ്ഞു.

# കൂടുതൽ ചോദ്യങ്ങളും ഉത്തരങ്ങളും

**1. മഴയെക്കുറിച്ച് നിങ്ങൾക്ക് എന്തെല്ലാം പറയാനുണ്ട്? ഒരു മഴയനുഭവം എഴുതുക.**

*മാതൃക: അമ്മുവിന്റെ മഴയനുഭവം വായിക്കൂ.*

വീടിനു മുമ്പിലെ വീതിയുള്ള വരാന്തയിൽ ഇരുന്നാൽ ആകാശം കാണാം. കറുകറുത്ത മേഘങ്ങൾ ആകാശത്ത് നിറയുമ്പോൾ ഞാൻ നോക്കിയിരിക്കും. പെട്ടെന്ന് എന്റെ ഉള്ളിൽ സന്തോഷം നിറയും. ഒരു ഇരമ്പൽ അടുത്തടുത്തുവരും. ദാ വന്നു ആർത്തലച്ചുകൊട്ടി മഴ. തുള്ളികൾ തുള്ളിത്തുള്ളി നിലത്ത്. നിലം തോടാകും. മഴവെള്ളം ഒഴുകി നടക്കും. തോടും കുളവും നിറയും. തവളകൾ ക്രോം ക്രോം പാടും. മരങ്ങൾ ആടിയുലഞ്ഞ് കുളിച്ച് മഴയിൽ രസിക്കും. ഞാനും ഇടയ്ക്കൊന്നു മഴയിൽ ചാടിക്കളിക്കും. കടലാസുവഞ്ചിയുണ്ടാക്കി മഴവെള്ളത്തിൽ ഒഴുക്കും. മഴ അപ്പോൾ തകർത്തുപെയ്ത് എന്റെ വഞ്ചി മുക്കും. ഞാൻ മഴയെ സ്നേഹിച്ചു. മഴ. അതു പ്രകൃതിയുടെ ഉത്സവമല്ലേ!

**2. കടുത്ത ചൂടിനും കുടിവെള്ളക്ഷാമത്തിനും അറുതിവരുത്തിക്കൊണ്ടാണ് പുതുമഴ എത്തുന്നത്. വേനൽക്കാലത്ത് പുതുമഴ എത്തിയത് ഒരു വാർത്തയായി അവതരിപ്പിക്കൂ.**

**ഭൂമിയെ തണുപ്പിച്ച് 'കുളിർമഴ'യെത്തി**

കോട്ടയം : കടുത്ത വേനൽച്ചൂടിൽ വലഞ്ഞിരുന്ന ജില്ല



## മഴച്ചൊല്ലുകൾ

- കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം.
- ചെമ്മാനം കണ്ടാലമ്മാനം മഴയില്ല.
- അന്തിക്കുവന്ന വിരുന്നും മഴയും ഒരുപോലെ.
- മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും.
- ചിങ്ങത്തിലെ മഴ ചിരിച്ചും കരഞ്ഞും.
- ചിങ്ങത്തിലെ മഴ തെങ്ങിനു നന്ന്.
- തിരുവാതിരയിൽ നൂറു മഴയും നൂറു വെയിലും.
- മഴ ഇല്ലാഞ്ഞാൽ മരങ്ങൾ ഉണങ്ങും.
- മഴ നനയാതെ പുഴയിൽ ചാടി.
- മഴ നിന്നാലും മരം പെയ്യും.
- മഴ പെയ്താൽ പുഴ അറിയും.
- മഴയുമില്ല വിളയുമില്ല.
- കൊല്ലത്തു മഴപെയ്താൽ കൊയിലാണ്ടിൽ കുടപിടിക്കണോ?
- ഇടവപ്പാതി കഴിഞ്ഞാൽപ്പിന്നെ കുടചൂടാതെ നടക്കരുതാരും.

യ്ക്ക് ആശ്വാസമായി വേനൽമഴ പെയ്തു. ഇന്നലെ ഉച്ചകഴിഞ്ഞ് മൂടിക്കെട്ടിയ ആകാശം അഞ്ചുമണിയോടെ പെയ്തിറങ്ങുകയായിരുന്നു. വേനൽമഴയ്ക്ക് പകിട്ടേകാൻ പതിവുപോലെ ഇടിയും മിന്നലും കാറ്റും ഒപ്പമുണ്ടായിരുന്നു. കാര്യമായ നാശനഷ്ടങ്ങളൊന്നും ഉണ്ടായിട്ടില്ല. കുടിവെള്ളക്ഷാമത്താൽ വലഞ്ഞിരുന്നവർക്ക് വേനൽമഴ അനുഗ്രഹമായി.

**3. നിങ്ങൾ ഇഷ്ടപ്പെടുകയും ചിലപ്പോൾ വെറുക്കുകയും ചെയ്യുന്ന മഴയോട് നിങ്ങൾക്കൊരുപാടുകാര്യം പറയാനുണ്ടാവില്ലേ? ഈ കാര്യങ്ങളെല്ലാം ചേർത്ത് മഴയ്ക്ക് ഒരു കത്തു തയാറാക്കൂ.**

മേരിപുരം
6/6/'24

സ്നേഹം നിറഞ്ഞ മഴയ്ക്ക്,

ഇടയ്ക്കിടെ വന്നെത്തുന്ന ഞങ്ങളുടെ വിരുന്നുകാരനാണ് നീ. വേനലിന്റെ ചൂടിൽ പുകഞ്ഞിരിക്കുമ്പോൾ ഒരു മുന്നറിയിപ്പുമില്ലാതെ പെട്ടെന്നു നീ വരുന്നത് എത്ര സുഖമാണെന്നോ! നീ എത്തുമ്പോൾ എന്തൊരാശ്വാസം എന്ന് വീട്ടിലെല്ലാവരും പറയാറുണ്ട്. ജൂൺമാസമാകാറാകുമ്പോൾ എല്ലാവരും മഴയെ പഴിക്കാൻ തുടങ്ങും. ഞങ്ങൾ സ്കൂളിൽ പോകുമ്പോൾ നീ നനയ്ക്കാനെത്താറുണ്ടെങ്കിലും പ്രിയമഴേ എനിക്കു നിന്നെ ഏറെ ഇഷ്ടമാണ്. മഴപെയ്തുകൊണ്ടിരിക്കുമ്പോൾ കൈനീട്ടി നിന്നെ തൊടാനും തട്ടിത്തെറിപ്പിക്കാനുമൊക്കെ എനിക്ക് ഇഷ്ടമാണ്. നീ എത്തേണ്ട സമയം എത്തിയില്ലെങ്കിൽ മുത്തച്ഛന്റെ കൃഷിയെല്ലാം കരിഞ്ഞുപോകും. വെള്ളമില്ലാതെ കറന്റുണ്ടാവില്ലല്ലോ. നീയില്ലെങ്കിൽ ഞങ്ങളെല്ലാം ഇരുട്ടിലാകും. പ്രിയമഴേ, ചിലപ്പോൾ ഞങ്ങൾക്കു ശല്യമായിത്തോന്നുമെങ്കിലും നീ ഞങ്ങൾക്ക് ഏറെ ഉപകാരിയാണ്. അത് ഞങ്ങൾ ഒരിക്കലും മറക്കില്ല. ഇനിയും നീ എത്തുന്നതും കാത്ത് ഞങ്ങൾ ഇരിക്കുന്നു.

സ്നേഹപൂർവം
വന്ദന രാമൻ

**4. ജീവജാലങ്ങളുടെ നിലനില്പിന് ആധാരമാണ് ജലം. പക്ഷേ, ജലദൗർലഭ്യം അനുദിനം രൂക്ഷമാകുകയാണിന്ന്. ജലസംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതിനായി സ്കൂളിൽ സംഘടിപ്പിച്ച പരിപാടിയിൽ നിങ്ങൾ നടത്തുന്ന പ്രസംഗം എപ്രകാരമായിരിക്കും? എഴുതുക.**

സുഹൃത്തുക്കളേ,

ജലക്ഷാമം അനുദിനം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. ധാരാളം മഴ ലഭിക്കുന്നുണ്ടെങ്കിലും മഴ മാറുന്നതോടെ നാം ജലത്തിനായി പരക്കംപായുന്നു. മഴവെള്ളസംഭരണത്തെക്കുറിച്ചുള്ള അറിവില്ലായ്മയും അമിതമായ ജലചൂഷണവുമാണ് ഈ അവസ്ഥയ്ക്ക് പ്രധാന കാരണം. ഇനിയൊരു യുദ്ധമുണ്ടായാൽ അത് ജലത്തിനുവേണ്ടിയായിരിക്കുമെന്ന മുന്നറിയിപ്പ് നാം അവഗണിച്ചുകൂടാ. മഴവെള്ളം ഒഴുകിപ്പോകാതെ പരമാവധി മണ്ണിൽത്തന്നെ താഴുന്നതിന് വേണ്ട സംവിധാനങ്ങൾ ഒരുക്കണം. അതുപോലെ മഴക്കുഴികളും മഴവെള്ളസംഭരണികളും നമുക്ക് ഉപയോഗിക്കാവുന്നതാണ്.

വനനശീകരണം, താഴ്ന്നഭൂമികൾ നികത്തൽ, മഴവെള്ളം ഒഴുക്കിക്കളയൽ, ജലമലിനീകരണം, ജലദുർവിനിയോഗം തുടങ്ങിയവയൊക്കെ നാം ഉപേക്ഷിച്ചേ മതിയാകൂ. ശുദ്ധജലം അമൂല്യമാണ്. അതു പാഴാക്കാതിരിക്കാൻ നമുക്ക് കടമയുണ്ട്. നമ്മുടെ ജലസമ്പത്തും ജലസ്രോതസ്സുകളും ഭാവിതലമുറയ്ക്കുംകൂടി അവകാശപ്പെട്ടതാണെന്ന ബോധ്യത്തോടെ ഒരു തുള്ളിജലം പോലും നമുക്ക് പാഴാക്കാതിരിക്കാം.

നന്ദി, നമസ്കാരം.

# മഴ പാട്ടുകൾ





## മഴ നാടൻപാട്ടിൽ



### ചന്നംപിന്നം...

ചന്നംപിന്നം മയപൊയിക്കിണ്
കറുത്ത മാനത്തിക്കുടുക്കമോ
നെലത്തിപ്പെയ്യണ മയയും നമ്മുടെ
പൊരക്കുമ്മോളിലും കൊടയിണോ?
കാറും കൊണ്ടേ മാനം നമ്മടെ
കരളീക്കെടന്നു പെടക്കിണേ
ആനവാലൻ തേരുകൊണ്ടൊരു
മയവില്ലിമ്മിണി തെളിഞ്ഞെടീ
വരമ്പിൻ കുയീക്കെടന്ന നമ്മടെ
കുയിയൻ നെലവിത്തെളിഞ്ഞെടീ

### പെയ്യരുതേ!

മാനം നെറഞ്ഞ മഴേ
കോരിക്കൂട്ടിപ്പെയ്യരുതേ
എന്റെയൊരുമാരിമഴേ
കോരിക്കൂട്ടിപ്പെയ്യരുതേ
മഴയെല്ലാം കൊണ്ടിരുട്ടി
മറുമഴകൊള്ളുന്നല്ലോ
നാലുമഴയൊത്തുകൂടി
മാനം നെറഞ്ഞുപോയേ
എന്റെയൊരുമാരിമഴേ
പേമഴപെയ്യരുതേ
മാനം നെറഞ്ഞ മഴേ
കോരിക്കൂട്ടിപ്പെയ്യരുതേ







## പെയ്യട്ടെ

തുള്ളിപ്പാഞ്ഞുവരുന്ന മഴ
തുള്ളിക്കൊരുകുടമെന്ന മഴ
കൊള്ളാമിമ്മഴ
കൊള്ളരുതിമ്മഴ
കൊള്ളാം കൊള്ളാം പെയ്യട്ടെ.

*- കുഞ്ഞുണ്ണിമാഷ്*



# മഴ കവിതകളിൽ

## മഴ

കൊട്ടിപ്പാടുന്നൂ മഴ!
നടവരമ്പത്തൊരു
കുട്ടിയുണ്ടതിൻ, കൈയിൽ
പുസ്തകം, പൊതിച്ചോറും
കുടയായൊരു തൂശ-
നിലയും, - അതു കൊത്തി-
ക്കുടയുന്നുവോ മഴ-
ക്കാറ്റിന്റെ കാക്കക്കൂട്ടം?
കുപ്പായം കുതിർന്നൊട്ടി-
ച്ചേർന്ന തന്നുടൽ കാൺകെ,
കുട്ടിക്കു നാണം - മഴ
നഗ്നനാക്കിയോ തന്നെ?....
വഴിയിൽ പുതുവെള്ള-
പ്പാച്ചിലിൽ പൊടിമീനും
മഴതൻ സംഗീതത്തിൽ
കുട്ടിയും നീന്തിപ്പോയി!

*ഒ.എൻ.വി. കുറുപ്പ്*

## എന്റെ കപ്പൽ

മഴപെയ്യും മുറ്റമൊക്കെ
മാറും വൻകടലായിനി,
പറമ്പും പാടവും ചേർന്നു
പരപ്പതിനുകൂടിടും
കടലാസാലുടൻ തീർക്കും
കപ്പൽ ഞാനതിലെന്റെ പേർ
നക്ഷത്രം പോലെ വലുതായ്
നല്ലപോലെ കുറിച്ചിടും.
മുക്കുറ്റി, മുല്ല മുതലായ്
മുറ്റും ഗുണമെഴും മലർ
പറിച്ചുവയ്ക്കും കാറ്റത്തു
പതുക്കെ കപ്പൽ നീങ്ങിടും

*ജി. ശങ്കരക്കുറുപ്പ്*



# 'മഴ' സിനിമാഗാനങ്ങളിൽ

❖ മഴയുടെ തന്ത്രികൾ മീട്ടിനിന്നാകാശം
മധുരമായാർദ്രമായ് പാടി
അറിയാത്ത കന്യതൻ നേർക്കെഴും ഗന്ധർവ
പ്രണയത്തിൻ സംഗീതം പോലെ
പുഴ പാടി തീരത്തെ
മുള പാടി പൂവള്ളിക്കുടിലിലെ
കുയിലുകൾ പാടി

❖ മഴയോ മഴ തൂമഴ പുതുമഴ
മാനം നിറയെ തേന്മഴ
മനസ്സു നിറയെ പൂമഴ
താമരക്കുരുവീ താമരക്കുരുവീ
താനെയിരിക്കുമ്പോൾ തണുക്കുന്നു



മഴയോ മഴ തൂമഴ പുതുമഴ
പുതുമാനം നിറയെ തേന്മഴ
മനസ്സു നിറയെ പൂമഴ
കൂടും വിട്ടീ പൂമരക്കൊമ്പത്ത്
പാടിയിരിക്കുമ്പോൾ കുളിരുന്നു

❖ തുലാവർഷമേളം
തുടിപ്പാട്ടിൻ താളം
ചെല്ലച്ചിറകുണർന്നു
പളുങ്കു ചൊരിയും അമൃതജലധാര
അവ ആയിരംപീലി നീർത്തി നിന്നേ
എന്നിൽ അറിയാതെ ആത്മഹർഷം തന്നേ